34648/17

07/07/18

72395/18

07 JUL 2018

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ അംഗ സമാശ്വാസ നിധി - സ്കീം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ.(കൈ)നം. 22/2018/സഹ തീയതി, തിരുവനന്തപുരം, 22/06/2018**

---

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 30.11.2017 ലെ ജി (1) 34648/17 നമ്പർ കത്ത്.

## ഉത്തരവ്

1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 56 (1) സി, ചട്ടം 53 എ എന്നിവ പ്രകാരം കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിക്കാനുള്ള വ്യവസ്ഥകൾ അനുസരിച്ച് കേരള സഹകരണ അംഗ സമാശ്വാസ നിധി നടപ്പാക്കുന്നതിന് വേണ്ട കോ-ഓപ്പറേറ്റീവ് മെമ്പേഴ്സ് റിലീഫ് ഫണ്ട് സ്കീം സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. സ്കീം ഇതോടൊപ്പം ചേർത്തിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി.എസ്. രാജേഷ്**
**അഡീഷണൽ സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി. എസ് ന്
3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

# സഹകരണ സംഘം സമാശ്വാസ നിധി പദ്ധതി

1) **ആമുഖം**

1969 ലെ കേരള സഹകരണ സംഘ നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്.

2) **പദ്ധതിയുടെ ചുരുക്കപേര്**

ഈ പദ്ധതിയുടെ ചുരുക്കപേര് കോ-ഓപ്പറേറ്റീവ് മെമ്പർ റിലീഫ് ഫണ്ട് എന്നായിരിക്കും.

3) ഈ പദ്ധതി സർക്കാർ അംഗീകരിച്ച തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും

4) **നിർവ്വചനം :**

a) **നിയമം** : നിയമം എന്നാൽ 1969 ലെ കേരള സഹകരണ സംഘം നിയമം (1969 ലെ 21-ാമത്) എന്ന് അർത്ഥമാക്കുന്നു.

b) **ചട്ടം** : ചട്ടം എന്നാൽ 1969 ലെ കേരള സഹകരണ സംഘം ചട്ടം എന്ന് അർത്ഥമാക്കുന്നു.

c) **സർക്കാർ** : സർക്കാർ എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാക്കുന്നു.

d) **വകുപ്പ്** : വകുപ്പ് എന്നാൽ കേരള സർക്കാരിന്റെ സഹകരണ വകുപ്പ് എന്ന് അർത്ഥമാക്കുന്നു.

e) **രജിസ്ട്രാർ** : രജിസ്ട്രാർ എന്നാൽ 1969 ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 3 (1) പ്രകാരം നിയമിക്കപ്പെട്ട സഹകരണ സംഘം രജിസ്ട്രാർ എന്ന് അർത്ഥമാക്കുന്നു.

f) **പദ്ധതി** : പദ്ധതി എന്നാൽ കോ-ഓപ്പറേറ്റീവ് മെമ്പർ റിലീഫ് ഫണ്ട് എന്നായിരിക്കും.

g) **അംഗം** : അംഗം എന്നാൽ 1969 ലെ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ എ ക്ലാസ്സ് ഷെയർ ഉള്ള വ്യക്തി അംഗമായിരിക്കും.

h) **സഹകരണ സംഘം** : സഹകരണ സംഘം എന്നാൽ 1969 ലെ കേരള സഹകരണ സംഘ നിയമ, ചട്ട വ്യവസ്ഥകൾ പ്രകാരം രൂപീകൃതമായ സഹകരണ സംഘം എന്ന് അർത്ഥമാക്കുന്നു.

i) **ഫണ്ട്** : ഫണ്ട് എന്നാൽ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 56(1) സി പ്രകാരവും 1969 ലെ കേരള സഹകരണ സംഘം ചട്ടം 53 എ പ്രകാരവും പരാമർശിച്ചിട്ടുള്ള സഹകരണ അംഗ സമാശ്വാസ നിധി എന്നാകുന്നു.

j) ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവചിച്ചിട്ടില്ലാത്തതുമായ വാക്കുകളും പ്രയോഗങ്ങളും, കേരള സഹകരണ സംഘം നിയമം 1969 ൽ നിർവചിച്ചിട്ടുണ്ടെങ്കിൽ നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള അർത്ഥം തന്നെ ഈ പദ്ധതിയിലേയ്ക്കും കണക്കാക്കേണ്ടതാണ്.

5) <u>ഉദ്ദേശലക്ഷ്യങ്ങൾ</u> :

i. മാരക രോഗ ബാധിതരായവർ (അർബുദം, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, ഗുരുതരമായ ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, കരൾ സംബന്ധമായ ഗുരുതരമായ അസുഖം ബാധിച്ചവർ.)

ii. വാഹനാപകടത്തിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ചവർ/ശയ്യാവലംബരായവർ.

iii. അപകടത്തിൽപ്പെട്ട് ശയ്യാവലംബരായ അംഗങ്ങളുടെ/മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ.

iv. മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാദ്ധ്യതപ്പെട്ട കുട്ടികൾ

മേൽ പരാമർശിച്ചിട്ടുള്ളവർക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് മെമ്പർ റിലീഫ് ഫണ്ടിന്റെ ഉദ്ദേശ ലക്ഷ്യം.

6) <u>ഫണ്ട് രൂപീകരണം</u>

1969 കേരള സഹകരണ സംഘം നിയമം വകുപ്പ് 56(1)(സി) ചട്ടം 53 എ പ്രകാരമാണ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്.

1. (a) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ അതാത് ആഡിറ്റ് വർഷത്തെ അറ്റലാഭത്തിന്റെ 10% ൽ അധികരിക്കാത്ത തുകയോ, പരമാവധി 1,00,000/- (ഒരു ലക്ഷം) രൂപയോ.

(b) വിവിധ ഗ്രാന്റുകൾ

(c) വിവിധ സംഭാവനകൾ

(d) കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതം എന്നിവ ഫണ്ടിൽ ഉൾപ്പെട്ടിരിക്കും.

1969 ലെ കേരള സഹകരണ സംഘം ചട്ടം 53 എ പ്രകാരം അറ്റലാഭമുള്ള ഓരോ സംഘവും അതാത് വർഷത്തെ സംഘങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച ദിവസം മുതൽ രണ്ട് മാസത്തിനകം സഹകരണ സംഘം രജിസ്ട്രാർ സൂക്ഷിച്ചിട്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ മെമ്പർ റിലീഫ് ഫണ്ടിലേയ്ക്ക് വിഹിതം അടയ്ക്കേണ്ടതാണ്.

2. എന്നാൽ പ്രസ്തുത തുക അടക്കാൻ പരാജയപ്പെട്ടാൽ കുടിശ്ശിക തുകയുടെ 6% വാർഷിക നിരക്കിൽ ഉള്ള പിഴപലിശ കുടിശ്ശിക വരുത്തിയ സംഘത്തിന്റെ മുഖ്യകാര്യദർശി അടക്കുവാൻ ബാധ്യസ്ഥരായിരിക്കും (1969 ലെ കേരള സഹകരണ സംഘം ചട്ടം 53 എ(3) ലെ വ്യവസ്ഥ).
3. താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ ഡിമാന്റ് കളക്ഷൻ ബാലൻസ് രജിസ്റ്ററിൽ മെമ്പർ റിലീഫ് ഫണ്ടിൽ അടച്ച തുക വരവ് വെക്കുകയും ആയതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് ലഭ്യമാക്കേണ്ടതുമാണ്.
4. ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ ഓരോ ത്രൈമാസത്തിലും മെമ്പർ റിലീഫ് ഫണ്ടിൽ അടച്ചതിന്റെ വിവരങ്ങൾ സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമാക്കേണ്ടതുമാണ്.

7) **<u>ഫണ്ട് അനുവദിക്കുന്ന കമ്മറ്റി</u>**

ഈ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള ചുമതല സഹകരണ വകുപ്പ് മന്ത്രിയും സഹകരണ വകുപ്പിലെ സർക്കാർ സെക്രട്ടറിയും, സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെടുന്ന ഒരു കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും.

8) **<u>ഫണ്ടിന്റെ വിനിയോഗം</u>**

സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ആയിരിക്കും ഫണ്ട് കൈകാര്യം ചെയ്യുന്നത്.

സർക്കാരിന്റെ അനുമതിയോടുകൂടി ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട ഒരു മോണിട്ടറിംഗ് സെൽ സഹകരണ സംഘം രജിസ്ട്രാർ രൂപീകരിക്കേണ്ടതാണ്. മോണിട്ടറിംഗ് സെൽ ഫണ്ട് വരവ് ചെലവ് വിനിയോഗവുമായി ബന്ധപ്പെട്ട റിക്കോർഡുകൾ രജിസ്റ്ററുകൾ, അക്കൗണ്ടുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

9) **<u>ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമം</u>**

**എ)** ഫണ്ടിൽ നിന്നും ആനുകൂല്യത്തിന് അപേക്ഷിക്കുന്ന വിധം.

I. മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള [ഫോറം നം.(1)] അപേക്ഷകൻ താഴെ ii - ൽ പറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ii. അപേക്ഷയോടൊപ്പം അപേക്ഷകൻ താഴെപറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

1. അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.

2. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. അംഗീകൃത മെഡിക്കൽ ആഫീസറിൽ (മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ച ആശുപത്രികൾ, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ ആശുപ ത്രികൾ) നിന്നും ലഭിച്ച മെഡിക്കൽ റിപ്പോർട്ടും, ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റും അനുബന്ധരേഖകളും.
4. അവകാശിയാണെങ്കിൽ അവകാശ സർട്ടിഫിക്ക റ്റിന്റെ പകർപ്പ്.

**ബി)** ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി അപേക്ഷകൻ സമർപ്പിക്കേണ്ട (എ) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രേഖ കൾ സംഘത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭി ക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് (ഫോറം നമ്പർ 2) ചീഫ് എക്സിക്യൂട്ടീവ് നൽകേണ്ടതും, ഇപ്രകാരമുള്ള അപേ ക്ഷകൾ ഇതിനായുള്ള പ്രത്യേക രജിസ്റ്ററുകളിൽ സംഘം രേഖ പ്പെടുത്തേണ്ടതുമാണ്.

**സി)** സംഘത്തിന് ലഭിക്കുന്ന അപേക്ഷകൾ, സംഘം ഭരണ സമിതി വിശദമായി പരിശോധിച്ചശേഷം അപേക്ഷയിലെ വിഷയങ്ങളിന്മേലും, രേഖകളിന്മേലുമുള്ള നിജസ്ഥിതി ബോധ്യപ്പെട്ട് എടുത്ത ഭരണ സമിതി തീരുമാനവും, അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി, രോഗ വിവരം, എന്നിവ പരാമർശിച്ചുകൊണ്ട് സംഘത്തിന്റെ മുഖ്യകാര്യദർശിയുടെ സാക്ഷ്യപത്രവും സഹിതം അതാത് താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് (പ്രാഥമിക കാർഷിക വികസന ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ) സമർപ്പിക്കേണ്ടതാണ്.

**ഡി)** സംഘത്തിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്കുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസ ത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 7 ദിവസ ത്തിനകം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സഹകരണ സംഘം രജിസ്ട്രാർക്ക് ഉപരിപത്രം സഹിതം നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതുമാണ്.

ഇ) അപ്രകാരം ലഭിക്കുന്ന അപേക്ഷ രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി ഉന്നതതല കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

എഫ്) മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷ ഉന്നതതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈകൊള്ളുന്ന മുറയ്ക്ക് അനുവദിച്ച ധനസഹായ തുകയുടെ ചെക്കും ഉത്തരവും ബന്ധപ്പെട്ട സംഘങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അപേക്ഷകനും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർക്ക് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരവും നൽകേണ്ടതാണ്.

ജി) ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

എച്ച്) ചെക്ക് ലഭിക്കുന്ന മുറയ്ക്ക് സംഘം അപേക്ഷകന് ധനസഹായതുക നൽകേണ്ടതും, ധനസഹായം അനുവദിച്ച തുകയുടെ വിശദാംശം അടുത്തതായി കൂടുന്ന പൊതുയോഗത്തിന്റെ അറിവിലേയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

ഐ) മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.

ജെ) ഈ സ്കീമിൽ നിന്നും ധനസഹായം നൽകുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായിട്ടായിരിക്കും. സ്കീമിൽ നിന്നും ധനസഹായം ലഭിക്കുന്നത് ഒരു അംഗത്തിന്റെ അവകാശമല്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ച കുടുംബത്തിൽപ്പെട്ടവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

10) **കണക്കുകൾ :**

മെമ്പർ റിലീഫ് ഫണ്ടുമായി ബന്ധപ്പെട്ട കണക്കുകൾ സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ മോണിട്ടറിംഗ് സെൽ സൂക്ഷിക്കേണ്ടതാണ്. ഈ ഫണ്ടിൽ നിന്നും ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് പ്രത്യേകം രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും ഓരോ ക്വാർട്ടറിലേയും നാളിതുവരെയുള്ള വിവരങ്ങൾ ഉന്നതതല കമ്മറ്റിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

11) **<u>നിബന്ധന ഭേദഗതി</u>**

ഈ നിബന്ധനകളിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിനുള്ള അധികാരം ഉന്നതതല കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

12) **<u>പലവക</u>**

ഈ പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ഉന്നതതല കമ്മിറ്റി യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്ന തിന് സർക്കാരിന് അധികാരം ഉണ്ടായിരിക്കും.

# സഹകരണ വകുപ്പ്

## സഹകരണ സംഘത്തിലെ അംഗങ്ങളുടെ ആശ്വാസ നിധി

## [ Members Relief Fund]

### ഫോറം നമ്പർ - 1

(1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 56(1)(സി) ചട്ടം 53(എ) പ്രകാരം രൂപീകരിച്ചത്.)

1. അപേക്ഷകന്റെ പേര് :
2. മേൽവിലാസം :

3. വയസ്സ് :
4. കുടുംബത്തിന്റെ വാർഷിക വരുമാനം :
5. അപേക്ഷകൻ അംഗമായ സംഘത്തിന്റെ പേര്, വിലാസം :
6. വായ്പാ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ:

   (എ) വായ്പാ നമ്പർ :
   (ബി) വായ്പാ എടുത്ത തീയതി :
   (സി) വായ്പാ മുതൽ :
   (ഡി) വായപാ കാലാവധി :
   (ഇ) കുടിശ്ശിക തുക
   മുതൽ :
   പലിശ :

7. മരണപ്പെട്ടുപോയ സഹകാരിയുടെ
കുടുംബത്തിനാണ് സഹായം ആവശ്യമെങ്കിൽ

(എ) ആശ്രിതന്റെ പേര് :
(ബി) മേൽവിലാസം :

(സി) വയസ്സ് :
(ഡി) തൊഴിൽ :
( ഇ) സഹകാരിയുമായുള്ള ബന്ധം :

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പ്

ഉള്ളടക്കം ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ

1. വില്ലേജ് ആഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്
2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് (ചികിൽസാവശ്യത്തിനാണെങ്കിൽ)
3. വായ്പ എടുത്ത ബാങ്ക്/സംഘത്തിൽ നിന്നുള്ള വായ്പയുടെ വിശദാംശങ്ങളടങ്ങിയ സർട്ടിഫൈഡ് സ്റ്റേറ്റ്മെന്റ്
4. സംഘം ഭരണസമിതിയുടെ തീരുമാനം
5. സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സാക്ഷ്യപത്രം
6. റേഷൻകാർഡിന്റെ പകർപ്പ്.
7. ആധാറിന്റെ പകർപ്പ്.

## സാക്ഷ്യപത്രം (1)

മേൽ വിവരങ്ങൾ അന്വേഷണത്തിൽ ശരിയാണ് എന്നും അപേക്ഷകന്/സഹകാരിയ്ക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടെന്നും/അർഹതയില്ലെന്നും ആയതിനാൽ ------------------ ----------------------------------രൂപ അനുവദിക്കാവുന്നതാണ്/പരിഗണിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്യുന്നു.

സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്

ആഫീസ് മുദ്ര

തീയതി :

.......................................................സഹകരണ സംഘം

==========================================================================

## സാക്ഷ്യപത്രം (2)

മേൽ വിവരങ്ങൾ അന്വേഷണത്തിൽ ശരിയാണ് എന്നും അപേക്ഷകന്/സഹകാരിയ്ക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടെന്നും/അർഹതയില്ലെന്നും ആയതിനാൽ ---------------------------------------------------രൂപ അനുവദിക്കാവുന്നതാണ്/പരിഗണിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്യുന്നു.

ആഫീസ് മുദ്ര **അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)**

തീയതി :

==========================================================

.....................തീയതിയിലെ ..............................................................ടെ അപേക്ഷ ഉന്നതതല കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

തീയതി : **ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി**

==========================================================

.....................-ാം ഉന്നതതല കമ്മിറ്റിയുടെ .............................................

തീയതിയിലെ ............................................-ാം നമ്പർ തീരുമാന പ്രകാരം

............................................................................... രൂപ അനുവദിച്ചു.

ചെയർമാൻ ഗവൺമെന്റ് സെക്രട്ടറി കൺവീനർ

സഹകരണ സംഘത്തിലെ അംഗങ്ങളുടെ ആശ്വാസ നിധി

**[ Members Relief Fund]**

**ഫോറം നമ്പർ - 2**

**<u>രസീത്</u>**

..............................................................സഹകരണ സംഘത്തിലെ അംഗമായ .............................................. (അപേക്ഷകന്റെ പേര്) ൽ നിന്നും മെമ്പേഴ്സ് റിലീഫ് ഫണ്ട് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ ....................... (തീയതി) ലഭിച്ചു.

ആഫീസ് മുദ്ര: സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്

തീയതി: .............................................സഹകരണ സംഘം